**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3142** | **26-06-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ആകെ നീളം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് കീഴിൽ 244.265കി.മീ റോഡാണുള്ളത് , കെ.ആർ.എഫ്.ബി - പി.എം.യു -ന് കീഴിൽ 32.75 കി.മീ റോഡും, കെ.എസ്.റ്റി.പി.-യുടെ കീഴിൽ 22.75 കി.മീ റോഡും, നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ 14.6 കി.മീ റോഡുമാണുള്ളത്. |
| (ബി) | പ്രസ്തുത റോഡുകളിൽ ബി.എം & ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൻ കീഴിലുള്ള പ്രവൃത്തിയുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.<br><br>കെ.ആർ.എഫ്.ബി-യുടെ കീഴിലുള്ള 8.55 കി.മീ വരുന്ന വെഞ്ഞാറമൂട് ഔട്ടർ റിംഗ് റോഡ് ബി.എം -ബി.സി നിലവാരത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. 32.77 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ച പദ്ധതിയുടെ കരാർ 22.67 കോടി രൂപയ്ക്കാണ് വെച്ചത്. ഇതിന് പുറമെ 1.2 കോടി രൂപ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും 4.7 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിനും ചിലവഴിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ബി.എം.&ബി.സി നിലവാരത്തിൽ CRIF പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച 17 കി.മി നീളമുള്ള വാമനപുരം മണ്ഡലത്തിലെ പഴയചന്ത- മുതുവിള -കല്ലറ -തുമ്പോട് - മുതുവിള - ചുള്ളാളം റോഡിനു 2055.32 ലക്ഷംരൂപ ചിലവഴിച്ചിട്ടുണ്ട്. കെ.എസ്. റ്റി.പി. യുടെ കീഴിൽ എംസി റോഡ് മുതൽ കാരേറ്റ് വരെ 7.75 കി.മീ റോഡ് SCDP പ്രവൃത്തിയിൽ 16 കോടി രൂപക്ക് ബി.എം.& ബിസി നിലവാരത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നിലവാരത്തിൽ നവീകരിക്കുന്നതിന് അനുമതി ലഭിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ | (സി) | വാമനപുരം മണ്ഡലത്തിൽ നിരത്ത് വിഭാഗത്തിന് കീഴിൽ ബിഎം-ബിസി നിലവാരത്തിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതും, പ്രവൃത്തിയ്ക്ക് അനുമതി |

| | | | |
|---|---|---|---|
| | റോഡുകൾ ഏതൊക്കെയാണെന്നും അവയ്ക്ക് അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ? | | ലഭിച്ചതുമായ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.<br><br>കെ.ആർ.എഫ്.ബി , പി.എം.യു. -വിന് കീഴിൽ വാമനപുരം മണ്ഡലത്തിൽ ബിഎം-ബിസി നിലവാരത്തിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതും, പ്രവൃത്തിയ്ക്ക് അനുമതി ലഭിച്ചതുമായ റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1. വാമനപുരം – ചിറ്റാർ റോഡ് - 15.55 കി മീ, സാമ്പത്തികാനുമതി തുക - 31.70 കോടി രൂപ<br><br>2. മലയോര ഹൈവേ – പെരിങ്ങമ്മല വിതുര (കൊപ്പം) റോഡ് – 9.45 കി മീ, സാമ്പത്തികാനുമതി തുക - 49.98 കോടി രൂപ<br><br>3. വെഞ്ഞാറമൂട് ഇന്നർ റിംഗ് റോഡ് - 1.2 കി മീ, എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തിക അനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കെ.എസ്.റ്റി.പി.ക്ക് കീഴിൽ തിരുവനന്തപുരം പൊൻമുടി റോഡിൽ കല്ലാർ മുതൽ പൊൻമുടി വരെ 15 കിമീ ദൂരം ബി.എം.& ബിസി നിലവാരത്തിലും , റോഡ് സുരക്ഷാ പ്രവൃത്തികളും ചെയ്യുന്നതിനുള്ള പ്രവൃത്തി നടന്നു വരുന്നു. പ്രവൃത്തിക്കായി ഏകദേശം 97.95 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

G3 - 3142

## അനുബന്ധം -1

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം (കി.മീ) | തുക ( ലക്ഷത്തിൽ) |
|---|---|---|---|
| 1 | ആറാന്താനം-വെള്ളുമണ്ണടി-പാലാംകോണം റോഡ് | 11.3 | 750.00570 |
| 2 | പാലോട് ബ്രൈമൂർ റോഡ് KM 0/000 to 15/030 | 15.030 | 4493.22756 |
| 3 | പുത്തൻപാലം-വെഞ്ഞാറമൂട് റോഡ് ആറ്റിങ്ങൽ സെക്ഷൻ (പ്രവൃത്തി നടത്തി) | 17.1 | 155 |
| 4 | വേങ്കവിള-മൂഴി റോഡ് ( km 2/800 to 4/600) | 1.8 | 150 |
| 5 | തിരുവനന്തപുരം-ചെങ്കോട്ട റോഡ് | 19.400 | 2500 |
| 6 | ആനാട് ബ്രാഞ്ച് റോഡ് (ആട്ടുകാൽ-പനവൂർ റോഡ്) | 4.750 | 469.01795 |
| 7 | ആനാട് ബ്രാഞ്ച് റോഡ് | 0.500 | 71.97570 |
| 8 | പേരയം-ചെല്ലഞ്ചി റോഡ് KM 0/00 to 1/800 | 1.800 | 256.01577 |
| 9 | വാമനപുരം-ചിറ്റാർ റോഡ് കി.മീ 7/000- 12/500 | 5.5 | 699.60087 |
| 10 | വാമനപുരം- കളമച്ചൽ റോഡ് | 3.6 | 489 |
| 11 | ആട്ടുകാൽ-ആനാട്-പുലിപ്പാറ റോഡ് | 6.3 (വാമനപുരം - 2.2) | 596.3 |
| 12 | ആര്യനാട്- പാലോട് റോഡ്) | 6.000 | 864.83238 |
| 13 | കല്ലറ-അടപ്പുപാറ റോഡ് Km 0/000 to 6/500 | 6.500 | 753.98507 |
| 14 | കല്ലിയോട്-മൂന്നാനക്കുഴി റോഡ്- | 2.225 | 375 |
| 15 | ചുള്ളിമാനൂർ-പനയമുട്ടം റോഡ് | 3.5 | 376.9776 |

G3 - 3142

## അനുബന്ധം -2

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷം) | റിമാർക്സ് |
|---|---|---|---|
| 1 | താന്നിമൂട്സിൽക്ക്ഫാം-വള്ളിയറുപ്പൻകാട് റോഡ് | 500 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 2 | വേങ്കവിള-മൂഴി റോഡ് ( km 0/000 to 2/800) | 325 | പ്രവൃത്തി പുരോഗമിക്കുന്നു |
| 3 | ആറ്റിൻപുറം-പേരയം റോഡ് | 685.484 | പ്രവൃത്തി പുരോഗമിക്കുന്നു |
| 4 | വട്ടപ്പൻകാട്-ആലുങ്കുഴി -ഇളവട്ടം റോഡ് | 300 | പ്രവൃത്തി പുരോഗമിക്കുന്നു |
| 5 | ആറാന്താനം-വെള്ളുമണ്ണടി-പാലാംകോണം റോഡ് കി.മീ 0/000 മുതൽ 8/000 (ബിസി ഓവർലേ) | 400 | അനുമതി ലഭിച്ചു |
| 6 | കല്ലറ-തൊളിക്കുഴി റോഡ് കി.മീ 0/000 മുതൽ 5/300 | 500 | അനുമതി ലഭിച്ചു |
| 7 | ചുള്ളിമാനൂർ-പനയമുട്ടം റോഡ്- | 150 | ഭരണാനുമതി ലഭിച്ചു |